അടിയന്തരാവസ്ഥക്കാലത്ത് പീഡനം അനുഭവിച്ചവർക്കുള്ള സഹായം

12 (5674) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തരാവസ്ഥക്കാലത്ത് പീഡനം അനുഭവിച്ച ഒട്ടേറെപ്പേർ ഇന്ന് ശാരീരിക അവശതകൾമൂലം ബുദ്ധിമുട്ടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടിയന്തരാവസ്ഥക്കാലത്തെ തടവുകാരെയും പീഡിതരെയും സഹായിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിയന്തരാവസ്ഥക്കാലത്ത് പീഡനം അനുഭവിച്ചവർക്ക് സഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കുടുംബ പെൻഷൻ

13 (5680) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ പെൻഷൻകാരുടെ കുടുംബ പെൻഷൻ അനുവദിക്കുന്നതിന് വിധവകളായ പെൺമക്കളെക്കൂടി പരിഗണിക്കണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇപ്പോൾ കുടുംബ പെൻഷന് ഭാര്യ/ഭർത്താവ് എന്നിവർക്ക് പുറമേ മറ്റാരെയൊക്കെയാണ് പരിഗണിക്കുന്നത് ;

(സി) വിധവകളായ പെൺമക്കളെയും കുടുംബ പെൻഷൻ നൽകുന്നതിന് പരിഗണിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി അറിവുണ്ടോ ;

(ഡി) സംസ്ഥാനത്ത് കുടുംബ പെൻഷന് വിധവകാളായ പെൺമക്കളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സർവ്വീസ് റൂൾസ് പ്രകാരം കുടുംബ പെൻഷന് ഭാര്യ/ഭർത്താവ് എന്നിവർക്ക് പുറമേ

1. മൃത്ത മകൻ/ മകൾക്ക് വിവാഹിതരാകുന്നതുവരെയോ 25 വയസ്സ് പൂർത്തിയാകുന്നതുവരെയോ (മകനുമാത്രം) ഉദ്യോഗം ലഭിക്കുന്നതുവരെയോ ഏതാണാദ്യം വരുന്നത് അതുവരെ

2. ശാരീരികമോ മാനസികമോ ആയ തകരാറോ വൈകല്യമോ അവശതയോ ഉള്ള മക്കൾ

LIBRARY ARCHIVES Kerala Legislative Assembly

3. 25 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതയായ മകൾ

4. പെൻഷൻ പറ്റുന്നതിന് മുമ്പ് നിയമാനുസൃതം ദത്തെടുത്ത് വളർത്തിയമകനോ മകളോ

5. മാതാപിതാക്കൾ (തുല്യവിഹിതം)

6. ജുഡിഷ്യലായി വേർപിരിഞ്ഞ ഭാര്യ/ഭർത്താവ്

7. വിവാഹബന്ധം വേർപെടുത്തിയ വൈകല്യമുള്ള മകൾ

8. വിധവയും വൈകല്യമുള്ളവളുമായ മകൾ, മുതലായവർ കൂടി മുൻഗണനാക്രമത്തിൽ അർഹരാണ്.

(സി) ഉണ്ട്.

(ഡി) ശമ്പള പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

സർക്കാർ ജീവനക്കാരുടെ പണിമുടക്കുകൾ

14 (5682) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-2006 കാലഘട്ടത്തിൽ വിവിധ ആവശ്യങ്ങൾക്കും, ശമ്പള പരിഷ്ക്കരണത്തിനുമായി കേരളത്തിലെ സർക്കാർ ജീവനക്കാർ എത്ര പ്രാവശ്യം പണിമുടക്കു നടത്തി; ആരുടെ നേതൃത്വത്തിൽ എന്ന് വിശദമാക്കുമോ ;

(ബി) 2001-2006 കാലഘട്ടത്തിൽ ക്ഷാമബത്തക്കായി കേരളത്തിലെ സർക്കാർ ജീവനക്കാർ എത്ര തവണ പണിമുടക്ക് നടത്തി ; എത്ര ദിവസം ; അതിൽ ഡയസ്നോൺ എത്ര ദിവസം ; ആ സമരത്തെ അന്നത്തെ സർക്കാർ എങ്ങനെയാണ് നേരിട്ടത് എന്ന് വിശദീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷാമബത്ത കുടിശ്ശികയ്ക്കായി പണിമുടക്ക് നടന്നുവോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം ക്ഷാമബത്ത അനുവദിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു †

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 8 തവണ സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly